കേരള സർക്കാർ

പൊതുമരാമത്തും രജിസ്ട്രേഷനും
വകുപ്പുമന്ത്രിയുടെ ഓഫീസ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

***പ്രസിദ്ധീകരണത്തിന്***

തീയതി 29.09.2020

## 351 കോടി രൂപയുടെ 6 പദ്ധതികൾ നാടിന് സമർപ്പിച്ചു - മന്ത്രി ജി.സുധാകരൻ

റീബിൽഡ് കേരള ഇനീഷ്യേറ്റീവിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന പെരുമ്പിലാവ് - നിലമ്പൂർ റോഡ്, കൊയിലാണ്ടി - എടവണ്ണ റോഡ് എന്നിവ മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിച്ചതായി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി ജി.സുധാകരൻ അറിയിച്ചു.

പെരുന്തൽമണ്ണ മണ്ഡലത്തിലെ പെരുമ്പിലാവ് - നിലമ്പൂർ റോഡ് (144 കോടി രൂപ) മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിച്ചു. യോഗത്തിൽ പൊതുമരാമത്ത് വകുപ്പ് മന്ത്രി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ മഞ്ഞളാംകുഴി അലി എം.എൽ.എ പങ്കെടുത്തു. റീബിൽ കേരള ഇനീഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെട്ട ഏറനാട് - മഞ്ചേരി - മലപ്പുറം മണ്ഡലങ്ങളിലൂടെ കടന്ന് പോകുന്ന കൊയിലാണ്ടി - എടവണ്ണ റോഡിന്റെ (189.76 കോടി രൂപ) നിർമ്മാണോദ്ഘാടനവും മുഖ്യമന്ത്രി നിർവ്വഹിച്ചു. പൊതുമരാമത്ത് വകുപ്പ് മന്ത്രി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ എം.എൽ.എമാരായ പി.കെ.ബഷീർ, എം. ഉമ്മർ, പി. ഉബൈദുള്ള എന്നിവരും മറ്റ് ജനപ്രതിനിധികളും പങ്കെടുത്തതായും മന്ത്രി അറിയിച്ചു.

ഇടുക്കി ജില്ലയിലെ പീരുമേട് മണ്ഡലത്തിലെ വാഗമൺ - പുള്ളിക്കാനം റോഡ് (4 കോടി രൂപ), വാഗമൺ - ഏഴാമൈൽ റോഡ് (7.7 കോടി രൂപ), ഏഴാം നമ്പർ - പുളിക്കട്ട റോഡ് (6 കോടി രൂപ) എന്നിവയുടെ ഉദ്ഘാടനവും നിർവ്വഹിച്ചതായി മന്ത്രി ജി.സുധാകരൻ അറിയിച്ചു.